ഇപ്പോൾ സ്കൂളിൽ 8-ാം ക്ലാസ്സ് വരെ ഉള്ളതിനാൽ, 8-ാം ക്ലാസ്സ് വരെ ഇനി അനുവദിക്കേണ്ട തസ്തികകൾ ചുവടെ ചേർക്കുന്നു:

6-ാം സ്റ്റാന്റേർഡ്		
ഗ്രാഡുവേറ്റ് ടീച്ചർ	..	1 എണ്ണം
സ്പെഷ്യൽ ടീച്ചർ	..	1 ,,
കുക്ക്	..	1 ,,
7-ാം സ്റ്റാന്റേർഡ്..	..	1 എണ്ണം
സ്പെഷ്യൽ ടീച്ചർ	..	1 ,,
8-ാം സ്റ്റാന്റേർഡ്		
ഗ്രാഡുവേറ്റ് ടീച്ചർ	..	1 എണ്ണം
മലയാളം ടീച്ചർ	..	1 ,,
സീനിയർ സൂപ്രണ്ട്	..	1 ,,
മെസ് ബോയ്	..	1 ,,

(സി) അനുവദിച്ച തസ്തികകൾ ഒന്നും ഒഴിഞ്ഞു കിടക്കുന്നില്ല.

(ഡി) 6 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലേക്കുള്ള തസ്തികകൾ അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

കാസർഗോഡ് ജില്ലയിൽ പട്ടികവർഗ്ഗ പെൺകുട്ടികൾക്കായുള്ള മോഡൽ റസിഡൻഷ്യൽ സ്ക്കൂളിൽ +2 കോഴ്സ്

165 [941] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ പട്ടികവർഗ്ഗ പെൺകുട്ടികൾക്കായുള്ള മോഡൽ റസിഡൻഷ്യൽ സ്ക്കൂളിൽ +2 അനുവദിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) എം.ആർ.എസിൽ +2 ക്ലാസ്സുകൾ ഇതുവരെ തുടങ്ങിയിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ തുടങ്ങാതിരിക്കാനുള്ള കാരണമെന്താണെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 5-11-2004-ലെ സർക്കാർ ഉത്തരവ് പ്രകാരം അനുവാദം നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) എം.ആർ.എസിൽ +2 കോഴ്സ് ആരംഭിക്കുന്നതിലേക്കായി ആവശ്യമായ അദ്ധ്യാപകേതര തസ്തികകൾ അനുവദിച്ചിട്ടില്ലാത്തതിനാലും അദ്ധ്യയന വർഷം പകുതിയിലേറെ പിന്നിട്ടിരുന്നതിനാൽ വിദ്യാർത്ഥികളെ ലഭിക്കാതിരുന്നതിനാലും ഹയർ സെക്കൻഡറി വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ അനുവദിച്ചു നൽകിയ സമയപരിധി കഴിഞ്ഞിരുന്നതിനാലും +2 കോഴ്സ് ആരംഭിക്കുവാൻ സാധിച്ചിട്ടില്ല.

പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് രൂപം നൽകിയ ആദിവാസി കോളനി വികസന പദ്ധതി

166 [942] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് ആദിവാസി കോളനികളുടെ വികസനം ലക്ഷ്യമാക്കി എന്തെല്ലാം പദ്ധതികൾക്കാണ് രൂപം കൊടുത്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ ഫലമായി കോളനികളിൽ വൈദ്യുതി ലഭിക്കാൻ എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ ;

(സി) കണ്ണൂർ ജില്ലയിലെ പാട്ട്യം ഗ്രാമ പഞ്ചായത്തിലെ ചെറുവാഞ്ചേരി മുണ്ടയോട്ട് കോളനി വൈദ്യുതീകരിക്കാൻ എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യ-സാമ്പത്തിക ഉന്നമന പരിപാടികൾ, തൊഴിലധിഷ്ഠിത പ്രവർത്തനങ്ങൾ എന്നിവയ്ക്കുള്ള പദ്ധതികൾക്കാണ് രൂപം കൊടുത്തിരിക്കുന്നത്.

(ബി) ഊരുകൂട്ടങ്ങളുടെ തീരുമാനമനുസരിച്ച് വൈദ്യുതീകരണത്തിനുള്ള പദ്ധതി തയ്യാറാക്കി ജില്ലാതല/സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിനു സമർപ്പിച്ച് കോർപ്പസ് ഫണ്ടിലെ തുക വിനിയോഗിച്ച് പദ്ധതി നടപ്പിലാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly